പുതുക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ പണം വകകൊള്ളിക്കാനും അടുത്തകൊല്ലം ഇതിന്റെ പണി നടത്താനുമാണ് ഉദ്ദേശിക്കുന്നത്. അത് നടപ്പിലാകുമെന്ന് വിശ്വസിക്കുന്നു.

(13). തൃശ്ശൂർ നഗരത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂർ നഗരത്തിലും സമീപ പഞ്ചായത്തുകളിലും ശുദ്ധജലക്ഷാമം അതിരൂക്ഷമായിത്തീർന്നിരിക്കുകയാണ്. 140 ലക്ഷം ലിറ്റർ മാത്രം ശേഷിയുള്ള 25 വർഷം മുമ്പ് നടപ്പിലാക്കിയ പദ്ധതി തൃശ്ശൂർ നഗരത്തെ മാത്രം ലക്ഷ്യമാക്കിയിട്ടുള്ളതായിരുന്നുവെങ്കിലും പിന്നീട് അത് സമീപ പഞ്ചായത്തുകളിലേക്കുകൂടി വ്യാപിപ്പിക്കേണ്ടിവന്നു. ഏറ്റവും ഒടുവിലായി മുളംകുന്നത്തുകാവിലുള്ള തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് പ്രതിദിനം 20 ലക്ഷം ലിറ്റർ വെള്ളം നൽകാനുള്ള നടപടികളും സ്വീകരിച്ചിരിക്കുന്നു. ജലശേഷി വർദ്ധിപ്പിക്കാൻ 1974-ൽ രൂപം കൊടുത്ത ഓഗ്മെന്റേഷൻ സ്കീം 1980-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. മെയിൻ ടാങ്കിന്റേയും പൈപ്പ്ലൈനിന്റേയും പഞ്ചായത്തുകളുടെ ടാങ്കിന്റേയും പണി പൂർത്തിയായിട്ട് മാസങ്ങളായി. ആവശ്യത്തിനുള്ള വെള്ളവും വിതരണത്തിനുള്ള പൈപ്പുകളും സംഭരിക്കുവാനുള്ള ടാങ്കുകളും ഉണ്ടായിരുന്നിട്ടും പണിക്കൂലി കൊടുക്കുവാനുള്ള സംഖ്യയില്ലാത്തതുകൊണ്ട് മാത്രം പദ്ധതി പ്രവർത്തനങ്ങൾ പാടെ സ്തംഭനാവസ്ഥയിലാണ്. 500 ലക്ഷത്തോളം രൂപ ചെലവ് ചെയ്ത് 90 ശതമാനം പണി പൂർത്തിയാക്കിയ ഒരു പദ്ധതി സ്വല്പം ചില പണികൾ ചെയ്യുന്നതിനുള്ള സംഖ്യ നൽകാത്തതുമൂലം തീരെ പ്രയോജനരഹിതമായിത്തീർന്നുവെന്നത് കഷ്ടമാണ്, ക്രൂരമാണ്. 150 ലക്ഷം രൂപ ആവശ്യമുള്ളിടത്ത് വെറും 3 ലക്ഷം രൂപ മാത്രമാണ് കഴിഞ്ഞ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അടിയന്തിരമായി 50 ലക്ഷം ഉറപ്പിക പ്രസ്തുത ആവശ്യത്തിന് നൽകാമെന്ന് ഉറപ്പ് നൽകി. പക്ഷേ അന്ന് ആ വാഗ്ദാനം ചെയ്ത സംഖ്യ ഇന്നുവരെ നൽകാത്തതുകൊണ്ടാണ് പണികൾ സ്തംഭിച്ചത്. അതുകൊണ്ട് അടിയന്തിരമായി വാഗ്ദാനം നൽകിയ ആ 50 ലക്ഷം രൂപയെങ്കിലും നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് തൃശ്ശൂരും പരിസരപ്രദേശങ്ങളിലുമുള്ള ജനങ്ങൾക്ക് കുടിവെള്ളം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ — മി. സ്പീക്കർ)

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ വിഷയ പരിമിതിമൂലം നാം ഉദ്ദേശിക്കുന്ന പല കാര്യങ്ങളുടെയും യൂട്ടിലിറ്റി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെന്നുള്ളത് നിത്യസത്യവും നിത്യ ദുഃഖവുമാണ്. ഞാൻ ആ വികാരത്തോട് പങ്ക് ചേരുകയാണ്. വാട്ടർ അതോറിറ്റിയെസംബന്ധിച്ചിടത്തോളം 693 ലക്ഷം രൂപ മുതൽമുടക്കുള്ള പദ്ധതിയാണ് തൃശ്ശൂരത്തേത്. ഏതാണ്ട് 555 ലക്ഷം രൂപയുടെ മുതൽമുടക്ക് ഇതിനകം നടന്നുകഴിഞ്ഞു. ഒരു 139 ലക്ഷംരൂപ കൂടി എനിക്ക് കിട്ടുകയാണെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ ഒന്നരക്കോടി രൂപ കിട്ടുകയാണെങ്കിൽ തൃശ്ശൂരിലെ ഈ പ്രോബ്ലം പരിഹരിക്കാൻ കഴിയും.....(ബഹളം).....സർ, ഇതിനെ സംബന്ധിച്ചിടത്തോളം....ഞാനിപ്പറഞ്ഞതുകൊണ്ട് പ്രതിപക്ഷം രൂപ തരണമെന്നല്ല അർത്ഥം. ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഇക്കൊല്ലത്തെ ബഡ്ജറ്റിംഗിനെ സംബന്ധിച്ചിടത്തോളം വാട്ടർ അതോറിറ്റിയ്ക്ക് വളരെയധികം ബുദ്ധിമുട്ടുകളുണ്ട്. ഒന്നര കോടി രൂപ അടുത്ത ബഡ്ജറ്റിൽ നമുക്ക് വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം കൂടുതൽ അവയ്ലബിളാക്കാം. ഏതായാലും ശുദ്ധീകരണശാലയുടെയും പമ്പിംഗ് മെയിനിന്റെയും പണിയൊഴിച്ച് ബാക്കിയെല്ലാം തീർത്തു. പീച്ചി-തൃശ്ശൂർ പമ്പിംഗ് മെയിൻ ലൈനിന്റെ പണി ഒരു കിലോമീറ്ററോളം ബാക്കി അവശേഷിക്കുന്നുണ്ട്. അത് എത്രയുംവേഗം വിഭവ പരിമിതിക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ട് കൂടുതൽ ശ്രദ്ധയോടുകൂടി കൂടുതൽ പരിഗണന കൊടുത്ത് കൂടുതൽ തുക ഇതിനുവേണ്ടി വാട്ടർ അതോറിറ്റി അടുത്ത കൊല്ലം പ്രൊവൈഡ് ചെയ്യാൻ വേണ്ടി ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇത്, കഴിഞ്ഞദിവസം അങ്ങയുടെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയ ഒരു ചർച്ചയുടെ വിഷയമാണ്. എങ്ങനെയെങ്കിലും ഒരു 50 ലക്ഷമെങ്കിലും കൊടുത്തില്ലെങ്കിൽ....അല്ല ചെയറിന്റെ നിയോജകമണ്ഡലത്തിന്റെ പ്രശ്നംകൂടിയാണ്. ചെയറിന്റെ നിയോജകമണ്ഡലത്തിന്റെ കാര്യം പറയുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ അങ്ങയുടെയും സഭയുടെയും എല്ലാ സഹായവും അഭ്യർത്ഥിക്കുകയാണ്. എത്ര രൂപ കിട്ടിയാലും ജല അതോറിറ്റിയെ സംബന്ധിച്ച് തികയുകയില്ല. നമുക്ക് കൂടുതൽ തുക ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം നേടിയെടുക്കുവാൻ വേണ്ടിയുള്ള ശ്രമത്തിൽ ഞാനേർപ്പെട്ടിരിക്കുകയാണ്.

(14) കടുത്തുരുത്തി വിദ്യാഭ്യാസ ജില്ലാ രൂപീകരണം

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): സർ, ഭൂവിസ്തൃതിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും പാലാ വിദ്യാഭ്യാസ ജില്ല പോലെ ഇത്രയധികം വലിപ്പമുള്ള വിദ്യാഭ്യാസ ജില്ല നമ്മുടെ സംസ്ഥാനത്ത് വേറെയുണ്ടെന്നെ എനിക്ക് തോന്നുന്നില്ല. ഇത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷാകർത്താക്കൾക്കും സ്കൂൾ അധികൃതർക്കും വളരെയധികം കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇതിനുമുൻപും ഞാൻ പെടുത്തിയിട്ടുള്ളതാണ്. അതുപോലെതന്നെ വിദ്യാഭ്യാസരംഗത്ത് കാര്യക്ഷമമായ ഭരണം നിർവ്വഹിക്കുന്നതിനും ഇത് തടസ്സമാണ്. അതുകൊണ്ട് ഈ പാലാ വിദ്യാഭ്യാസജില്ല വിഭജിച്ച് കടുത്തുരുത്തി ആസ്ഥാനമാക്കി പുതിയൊരു വിദ്യാഭ്യാസ ജില്ല ആരംഭിക്കണമെന്ന് എം. എൽ. എ. ആയതിനുശേഷം ഒരദ്ധ്യാപകൻ കൂടിയായ ഞാൻ ആദ്യമായി നടത്തിയ നിവേദനമാണിത്. അത് ഇതുവരെ നടപ്പിലായിട്ടില്ലെന്നു പറയുന്നതിൽ എനിക്ക് അതിയായ സങ്കടമുണ്ട്. ഈ അവസാന നിമിഷത്തിലെങ്കിലും അനുവദിച്ച് അത് നടപ്പിലാക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ലെന്നുള്ള കാര്യം എന്നോട് പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly